## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2051.** **05.10.2016 ന് മറുപടിയ്ക്ക്**

## ഞാറക്കൽ എക്സൈസ് ഓഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഞാറക്കൽ എക്സൈസ് ഓഫീസിന്റെ പരിധിയിൽ നിന്നും 2016 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എത്രയാണെന്നും, കേസിന് ആസ്പദമായ കാരണങ്ങൾ എന്താണെന്നും വിശദമാക്കാമോ? | (എ) | ഞാറക്കൽ എക്സൈസ് റേഞ്ച് ഓഫീസിന്റെ പരിധിയിൽ നിന്നും 2016 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ 60 അബ്കാരി കേസുകളും 12 എൻ.ഡി.പി.എസ്. കേസുകളും 28 കോട്പ കേസുകളും എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>അനധികൃത മദ്യനിർമ്മാണം, വിൽപ്പന എന്നിവക്ക് ഓരോ കേസുകളും, നിയമപരമായി കൈവശം സൂക്ഷിക്കാവുന്നതിലധികം വിദേശമദ്യം സൂക്ഷിച്ച കുറ്റത്തിന് 29 കേസുകളും, പൊതുസ്ഥലത്ത് പരസ്യമായി മദ്യപിച്ച കുറ്റത്തിന് 29 കേസുകളുമാണ് അബ്കാരി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്. കഞ്ചാവ് കൈവശം സൂക്ഷിച്ച് കൈകാര്യം ചെയ്ത കുറ്റത്തിന് 11 കേസുകളും 70 ആമ്പ്യൂളുകൾ കൈവശം സൂക്ഷിച്ച കുറ്റത്തിന് ഒരു കേസും എൻ.ഡി.പി.എസ്. ആക്ട് പ്രകാരവും അനധികൃതമായി പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തിയതിനും പൊതുസ്ഥലത്ത് പുക വലിച്ചതിനുമായി 28 കേസുകൾ കോട്പ ആക്ട് പ്രകാരവും എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ